**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എസ്റ്റാ - കുടുംബശ്രീ - നഗര സിഡിഎസുകളുടെ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ ചുമതലകൾ അവരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതകൾ എന്നിവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐഎ)വകുപ്പ്.

സഉ.(എം.എസ്) നം.08/10/തസ്വഭവ　　　　തീയതി, തിരുവനന്തപുരം 12/1/2010.

---

പരാമർശം.
1. ജി.ഒ(പി) നമ്പർ 222/08/തസ്വഭവ തീയതി.8/8/2008.
2. 2/7/2009 ലെ കുടുംബശ്രീ ഗവേണിംഗ് ബോഡിയോഗ തീരുമാനം.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24/7/2009 തീയതിയിലെ KS/C/3128/09 നമ്പർ കത്ത്.

**ഉത്തരവ്**

ഒന്നാം പരാമർശിത ഉത്തരവുപ്രകാരം കുടുംബശ്രീ സിഡിഎസുകൾക്ക് പുതുക്കിയ ബൈലോ നിലവിൽ വന്നിട്ടുണ്ട് മേൽ സാഹചര്യത്തിൽ നിലവിലുള്ള കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ സേവനം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരായും ഫെസിലിറ്റേറ്റർ മാരായും വിനിയോഗിക്കുന്നതിനും അവർക്കുള്ള ഹോണറേറിയം എസ്.ജെ.എസ്.ആർ.വൈ ലെ അർബൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് നെറ്റ് വർക്ക് എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും പരാമർശം രണ്ടിലെ കുടുബശ്രീ ഗവേണിംഗ് ബോഡി യോഗം തീരുമാനമെടുത്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ ചുമതലകൾ കുറച്ചുകൂടി വിശദമാക്കി ഉത്തരവു പുറപ്പെടുവിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും കമ്മ്യൂണിറ്റി ഓർഗനൈസർമാർക്കുള്ള ഹോണറേറിയം എസ്.ജെ.എസ്.ആർ.വൈ ഫണ്ടിലെ അർബൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് നെറ്റ് വർക്ക് എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും സർക്കാർ അനുമതി നൽകണമെന്ന് പരാമർശം മൂന്നിലെ കത്തുപ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നഗര സിഡിഎസുകളിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ സേവനം കേന്ദ്രാവിഷ്കൃത

പദ്ധതികളുടെ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്മാരായും ഫെസിലിറ്റേറ്റർമാരുമായും വിനിയോഗിക്കുന്നതിനും അവർക്കുള്ള ഹോണറേറിയം എസ്.ജെ.എസ്.ആർ.വൈ ഫണ്ടിലെ അർബൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് നെറ്റ് വർക്ക് എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമായി കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് താഴെ ചേർത്തിരിക്കുന്ന ചുമതലകളും നിയമന രീതിയും അംഗീകരിച്ച് ഉത്തരവാകുന്നു.

1. എസ്.ജെ.എസ്.ആർ.വൈ പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സി.ഡി.എസ്സിനെ സഹായിക്കുക, അപേക്ഷകൾ തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങളിൽ എത്തിക്കുക, ധനകാര്യ സ്ഥാപനങ്ങളുമായി ആവശ്യമായ ഇടപെടലുകൾ നടത്തി വായ്പ അനുവദിക്കുക, സംരംഭം തുടങ്ങുന്നതിനാവശ്യമായ പ്രവർത്തനങ്ങളും സഹായങ്ങളും ലഭ്യമാക്കുക മുതലായ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ

2. എസ്.ജെ.എസ്.ആർ.വൈ തൊഴിൽ സംരംഭങ്ങൾക്ക് വേണ്ടി അനുവദിക്കുന്ന വായ്പയുടെയും സബ്സിഡിയുടേയും വിനിയോഗം ഉറപ്പുവരുത്തുകയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട രണ്ടും മൂന്നും ഗഡുക്കൾ യഥാസമയം തൊഴിൽ സംരംഭകന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

3. തൊഴിൽ പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും പരിശീലനം നല്കുന്നതിനും ആവശ്യമായ സഹായങ്ങൾ സി.ഡി.എസ്. ലഭ്യമാക്കുക.

4. തൊഴിൽ പരിശീലനം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നല്കുകയും മറ്റു ഇതര സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

5. എസ്.ജെ.എസ്.ആർ.വൈയുടെ ഇതര ഘടകങ്ങളായ റിവോൾവിംഗ് ഫണ്ട്, യു.ഡബ്ല്യൂ.ഇ.പി. എന്നിവ നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതികവും ഓഫീസ് സംബന്ധവും ഫീൽഡ് തലവും സംബന്ധമായ സഹായങ്ങൾ ലഭ്യമാക്കുക.

6. ഐ.എച്ച്.എസ്.ഡി.പി/ ബി.എസ്.യു.പി. എന്നീ പദ്ധതികളിൽ ഏറ്റെടുത്തിട്ടുള്ള ചേരിപ്രദേശങ്ങളിൽ ചേരി നിവാസികളുടെ സാമ്പത്തിക ഉന്നമനത്തിനാവശ്യമായ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുക.

7. സി.ഡി.എസ്, എ.ഡി.എസ്., അയൽക്കൂട്ട സംവിധാനത്തിന്റെ ഇടപെടലുകൾ ഫലപ്രദമാക്കുന്നതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

8. ഐ.എച്ച്.എസ്.ഡി.പി/ ബി.എസ്.യു.പി. പദ്ധതികളിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ക്ലസ്റ്റർ വികസന സമിതി സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. ഐ.എച്ച്.എസ്.ഡി.പി/ ബി.എസ്.യു.പി. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫീൽഡ് തലത്തിലുള്ള സഹായവും നല്കുക.

10. നഗര ഖരമാലിന്യ സമാഹരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള കുടുംബശ്രീ സംരംഭങ്ങൾക്ക് ആവശ്യമായ സാമൂഹ്യ പിന്തുണാ സംവിധാന പ്രവർത്തനങ്ങൾ നല്കുക.

11. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണയും സഹായവും നേതൃത്വവും നല്കുക.

കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ നിയമനം സംബന്ധിച്ച് താഴെചേർത്തിരിക്കുന്ന കാര്യങ്ങൾ കൂടി അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

10-ാം ക്ലാസ് പാസ്സായ അയൽക്കൂട്ട അംഗങ്ങളിൽ നിന്ന് കമ്മ്യൂണിറ്റി ഓർഗനൈസർമാരായി നിയമിക്കപ്പെടാൻ അർഹതയുള്ളവരുടെ ഒരു പാനൽ തയ്യാറാക്കുന്നതാണ്. ഒരു സിഡിഎസ്സിൽ ഉള്ള എ.ഡിഎസ്സുകളുടെ എണ്ണത്തിന് ആനുപാതികമായി 10 എ.ഡി.എസ്സിന് ഒരു കമ്മ്യുണിറ്റി ഓർഗനൈസർ എന്ന ക്രമത്തിൽ നിയമിക്കാവുന്നതാണ്. സിഡിഎസ്സിന്റെ പ്രതിനിധിയും, നഗരസഭാ പ്രതിനിധിയും ജില്ലാമിഷന്റെ പ്രതിനിധിയും അടങ്ങുന്ന ബോർഡിനായിരിക്കും ഈ പാനൽ തയ്യാറാക്കുന്ന ചുമതല. ഈ പാനലിൽ നിന്ന് കമ്മ്യൂണിറ്റി ഓർഗനൈസർമാരെ അതാത് സി.ഡി.എസ്സുകൾ നിയമിക്കും. ഇത്തരം പാനലിന്റെ കാലാവധി 3 വർഷമായിരിക്കും. കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പ്രവർത്തനം 6 മാസത്തിലൊരിക്കൽ സി.ഡി.എസ്സുകൾ വിലയിരുത്തുന്നതും

പ്രവർത്തനം തൃപ്തികരമാണെന്നു കണ്ടാൽ തുടരാൻ അനുവദിക്കുന്നതും തൃപ്തികരമല്ലെങ്കിൽ ആ വ്യക്തിയെ പിരിച്ചു വിടുകയും പകരം പാനലിലെ അടുത്തയാളെ നിയമിക്കുന്നതുമായിരിക്കും. ഒരു കമ്മ്യൂണിറ്റി വോളണ്ടിയറുടെ പരമാവധി കാലാവധി 2 വർഷം ആയിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി.കൃഷ്ണപിള്ള
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ഡയറക്ടർ നഗരകാര്യവകുപ്പ്, തിരുവനന്തപുരം
എല്ലാ സിഡിഎസ് മെമ്പർ സെക്രട്ടറിമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, പാങ്ങപ്പാറ തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.